**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **26-07-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സാക്ഷരതാ മിഷൻ മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിവരിക്കാമോ; | (എ) | സംസ്ഥാന ആസൂത്രണബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ ഉണ്ട്. ഇതിൽ കൂടുതലും ആദിവാസി, തീരദേശ മേഖലകളിൽ ഉള്ളവരാണ്. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കേരളത്തിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പാർശ്വവത്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗം, തീരദേശം, ഭാഷാ ന്യൂനപക്ഷ മേഖലകളിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് താഴെ പറയുംപ്രകാരമുള്ള സാക്ഷരതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ് 1. അക്ഷരലക്ഷം സാക്ഷരതാ പദ്ധതി 2. സമഗ്ര പദ്ധതി (ആദിവാസി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിക്ഷരിച്ച പദ്ധതി) 3. നവചേതന പദ്ധതി (പട്ടികജാതി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 4. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി. 5. അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി. 6. 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി (പട്ടികജാതി/ പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി. 7. അക്ഷരശ്രീ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി 8. അക്ഷരസാഗരം പദ്ധതി (തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി) 9. ചങ്ങാതി പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി) 10. സമന്വയ – ട്രാൻസ്ജെൻഡർ തുടർ വിദ്യാഭ്യാസ പദ്ധതി. 11. |

| | | | |
|---|---|---|---|
| | | | ആദിശ്രീ പദ്ധതി (കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസികൾക്കായുള്ള പ്രത്യേക സാക്ഷരതാ പദ്ധതി) 12. ജയിൽ ജ്യോതി പദ്ധതി (നിരക്ഷരരായ ജയിൽ അന്തേവാസികൾക്കുള്ള പ്രത്യേക സാക്ഷരതാ പദ്ധതി) 13. പരിസ്ഥിതി സാക്ഷരതാ പദ്ധതി. 14. ഭരണഘടന സാക്ഷരതാ പദ്ധതി. 15. സമ പദ്ധതി 16. ദിശ പദ്ധതി 17. സർട്ടിഫിക്കറ്റ് കോഴ്സുകൾ മേൽ പദ്ധതികളിൽ അക്ഷരലക്ഷം എന്ന പേരിൽ നടപ്പിലാക്കിയ സാക്ഷരതാ പദ്ധതി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ തുടർ പദ്ധതികളായതിനാൽ പദ്ധതി ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ കൈവരിച്ചാൽ മാത്രമേ പദ്ധതികളുടെ പൂർത്തീകരണം സാധ്യമാവുകയുള്ളൂ. ഈ പദ്ധതികളിലൂടെ സാക്ഷരത കൈവരിച്ചവരെ സാക്ഷരതാമിഷൻ നടപ്പിലാക്കിവരുന്ന തുടർ വിദ്യാഭ്യാസപരിപാടിയായ തുല്യതാ വിദ്യാഭ്യാസം നൽകുകയും ചെയ്തുവരികയാണ്. |
| (ബി) | കുടുംബപരമായതോ സാമൂഹ്യ സാഹചര്യങ്ങളോ കാരണം പഠനം മുടങ്ങിപ്പോയവർക്കും സാക്ഷരതാമിഷന്റെ പ്രവർത്തനത്തിലൂടെ മുഖ്യധാരയിലേയ്ക്ക് എത്തുന്നതിന് സാധിക്കുന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആദിവാസി - ഭാഷാന്യൂനപക്ഷം - തീരദേശമേഖലയിലുള്ളവരെയും അതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ പഠനം മുടങ്ങിപ്പോയവർക്കും തുടർവിദ്യാഭ്യാസം നൽകുന്നതിനുള്ള വിവിധ നൂതനങ്ങളായ സാക്ഷരതാ-തുടർവിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ തടസ്സം വരാതെ മുന്നോട്ട് കൊണ്ട് പോകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ്-19 പശ്ചാത്തലത്തിൽ സാക്ഷരതാമിഷൻ വിവിധ മേഖലകളിൽ നടപ്പിലാക്കിവരുന്ന തുല്യതാ പരിപാടികളായ പത്താംതരം, ഹയർ സെക്കണ്ടറി പഠിതാക്കൾക്ക് ഓൺലൈൻ വഴിയുള്ള പഠന സൗകര്യങ്ങൾ സാക്ഷരതാമിഷൻ ഒരുക്കി നൽകിയിട്ടുണ്ട്. സർക്കാരിന്റെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മിഷന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത തരത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോവുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ